18019/2023

## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. പ്രിയങ്ക ജി, ഐ.എ.എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ജീവനക്കാര്യം - വകുപ്പിലെ ക്ലർക്ക് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം അനുവദിച്ച് പുറപ്പെടുവിക്കുന്നു.

പരാമർശം:

1. സ.ഉ (പി) നം. 1/2014/ഉ.ഭ.പ.വ തീയതി 03/01/2014
2. സ.ഉ (പി) നം. 21/2014/ഉ.ഭ.പ.വ തീയതി 19/07/2014
3. സ.ഉ (പി) നം. 16/2019/ഉ.ഭ.പ.വ തീയതി 28/05/2015
4. സ.ഉ (പി) നം. 6/2019/ഉ.ഭ.പ.വ തീയതി 24/08/2019
5. G.O.(P) NO 4/2020/P&ARD Dt 22/01/2020
6. സ.ഉ (അച്ചടി) നം 6/2022/ഉ.ഭ.പ.വ തീയതി 21/07/2022
7. വനിത ശിശു വികസന ഡയറക്ടറുടെ 05/10/2021 ലെ WCD/E8/5168/2021 നമ്പർ ഉത്തരവ്.
8. വനിത ശിശു വികസന ഡയറക്ടറുടെ 02/02/2023 ലെ WCD/E8/5168/2021 നമ്പർ ഉത്തരവ്.

### ഉത്തരവ് നം. DWCD/2795/2022-E4 തീയതി: 28-09-2023

വിവിധ സർക്കാർ വകുപ്പുകളിൽ ക്ലർക്ക്, എൽ ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം അനുവദിക്കുന്നതിന് പരാമർശം 1 മുതൽ 6 വരെയുള്ള സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ക്ലാർക്ക് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ആദ്യത്തെ ഒഴിവ് തസ്തികമാറ്റ നിയമനത്തിനായി നീക്കി വയ്ക്കേണ്ടതും തുടർന്നുള്ള 9 ഒഴിവുകൾ പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്നും ഈ പ്രക്രിയ ഓരോ വകുപ്പിലേയും ക്ലാർക്ക് cadre strength -ന്റെ 10% -ൽ എത്തിച്ചേരുന്നത് വരെ തുടരേണ്ടതുമാണെന്ന് മേൽ പരാമർശ ഉത്തരവുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സാമൂഹ്യനീതി/വനിത ശിശു വികസന വകുപ്പ് വിഭജനത്തെ തുടർന്ന് ഇരു വകുപ്പുകളിലേയും കേഡർ സ്ട്രെങ്ത് നിശ്ചയിക്കുകയും ജീവനക്കാരെ ഇരു വകുപ്പുകളിലുമായി പുനർവിന്യസിക്കുകയും ചെയ്തതിന്റെ ഭാഗമായി, വകുപ്പിൽ ക്ലാർക്കുമാരുടെ കേഡർ സ്ട്രെങ്ത് പത്തിൽ താഴെയുള്ള 4 ജില്ലകൾ (പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, വയനാട്) ഉള്ളതിനാൽ ജില്ലാ തല നിയമനം സാദ്ധ്യമല്ലാത്തതിനാൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ നിഷകർഷിച്ചിരിക്കും പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ബൈട്രാൻസ്ഫർ നിയമനത്തിനായി സംസ്ഥാന തലത്തിൽ വകുപ്പിൽ നിലവിലുള്ള ക്ലാർക്ക് തസ്തികയുടെ 10% ഒഴിവുകളാണ് ഈ വിഭാഗത്തിനായി അർഹമായിട്ടുള്ളത്.

വകുപ്പിലെ ക്ലാസ് IV വിഭാഗം ജീവനക്കാർക്ക് തസ്തിക മാറ്റം വഴി ക്ലാർക്ക്/എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകുന്നതിന് ജീവനക്കാരുടെ സംസ്ഥാനതല സംയുക്ത സീനിയോറിറ്റി ലിസ്റ്റ് പരാമർശം (8) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സംസ്ഥാനതല സംയുക്ത സീനിയോരിട്ടി ലിസ്റ്റിലെ ക്രമ. നം. 11 വരെയുള്ള ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിൽ ഇതിനകം തസ്തികമാറ്റ നിയമനം നൽകിയിട്ടുണ്ട്. തസ്തിക മാറ്റം വഴി നിയമനം ലഭിച്ച് ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച വന്നിരുന്ന ശ്രീ. പ്രകാശൻ എം, ശ്രീമതി. ബാത്തിഷ ബീവി റ്റി വി, ശ്രീമതി. ബിന്ദുമോൾ കെ എന്നിവർ 31/05/2023 ന വിരമിച്ചതിലൂടെ 3 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവിലേക്ക് സംസ്ഥാനതല സംയുക്ത സീനിയോരിട്ടി ലിസ്റ്റിൽ നിന്നും ക്ലാർക്കായി തസ്തികമാറ്റ നിയമനത്തിനു അർഹരായ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പേര് | അഭിപ്രായം |
|---|---|---|
| ക്രമ നം. 12 | ശ്രീ. സന്തോഷ് തോമസ് | |
| ക്രമ നം. 13 | ശ്രീമതി. മിനി ഒ | LDT തസ്തികമാറ്റ നിയമനം |
| ക്രമ നം. 14 | ശ്രീ. C കൃഷ്ണകുമാർ | വിരമിച്ചു (31/05/2022) |
| ക്രമ നം. 15 | ശ്രീ. PC ദേവദാസ് | |
| ക്രമ നം. 16 | ശ്രീ. PK ഉണ്ണികൃഷ്ണൻ | |

ഈ സാഹചര്യത്തിൽ സംസ്ഥാന തല സംയുക്ത സീനിയോരിട്ടി ലിസ്റ്റിലെ മേൽ സൂചിപ്പിച്ച 3 ജീവനക്കാർക്ക് ചുവടെ പറയും പ്രകാരം അവരവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ 26500-60700 രൂപ ശമ്പള സ്കെയിലിൽ കെഎസ് & എസ്എസ് ആർ ചട്ടം 28 (a)(i) ന് വിധേയമായി ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ജീവനക്കാരുടെ പേര്, തസ്തിക. | സംയുക്ത സീനിയോറിറ്റി ലിസ്റ്റിലെ ക്രമ. നം. | തസ്തികമാറ്റം വഴി ക്ലർക്ക് തസ്തികയിൽ നിയമിക്കുന്ന കാര്യാലയം |
|---|---|---|
| ശ്രീ. സന്തോഷ് തോമസ്, ഡ്രൈവർ, ICDS ളാലം, കോട്ടയം | 12 | ക്ലാർക്ക്, ജില്ലാ വനിത ശിശു വികസന ഓഫീസ്, ആലപ്പുഴ |
| ശ്രീ. PC ദേവദാസ്, ഓഫീസ് അറ്റൻഡന്റ്, ICDS കോതമംഗലം, എറണാകുളം | 15 | ക്ലാർക്ക് ,ICDS മൂവാറ്റുപുഴ അഡീഷണൽ, എറണാകുളം |
| ശ്രീ. PK ഉണ്ണികൃഷ്ണൻ, ഓഫീസ് അറ്റൻഡന്റ്, ICDS മാള, തൃശ്ശൂർ | 16 | ക്ലാർക്ക് ,ICDS ചാവക്കാട് അഡീഷണൽ, തൃശ്ശൂർ |

പരാമർശം (6) ഉത്തരവ് പ്രകാരം കേഡർ സ്ട്രെങ്ത് സംസ്ഥാന തലത്തിൽ കണക്കാക്കുന്ന സന്ദർഭത്തിൽ ടി തസ്തികകളിൽ ബൈ ട്രാൻസ്ഫർ നിയമനം ലഭിക്കുന്നവരുടെ കാര്യത്തിൽ നിയമനത്തിനായി ഒരു ജില്ല ഓപ്റ്റ് ചെയ്യാവുന്നതും ഇത്തരത്തിൽ ഓപ്റ്റ് ചെയ്ത ജില്ല ടി ജീവനക്കാരന്റെ മാതൃ ജില്ലയായി കണക്കാക്കേണ്ടതുമാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. സംസ്ഥാനതല സംയുക്ത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവുള്ള ജില്ലയിൽ തസ്തിക മാറ്റ നിയമനം ലഭിച്ച ജീവനക്കാർക്ക് ടിയാളുകളുടെ മാതൃ ജില്ലയിൽ അപേക്ഷ പ്രകാരം സർവ്വീസ് സീനിയോറിറ്റി പാലിച്ച് സ്ഥലം മാറ്റം അനുവദിക്കുന്നതാണ്. ഇത്തരത്തിൽ മാതൃ ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുമ്പോൾ തസ്തിക മാറ്റ നിയമനം ലഭിച്ച തീയതിയെ അടിസ്ഥാനമാക്കിയാണ് സർവ്വീസ് സീനിയോറിറ്റി നിർണ്ണയിക്കുന്നത്.

ബൈ ട്രാൻസ്ഫർ നിയമനം മുഖേനെ ക്ലാർക്ക് തസ്തികയിൽ നിയമനം അനുവദിച്ച ജീവനക്കാർക്ക് നിയമാനുസൃത ശമ്പള നിർണ്ണയത്തിനു അർഹതയുണ്ടായിരിക്കും. ജീവനക്കാർ തുടർച്ചയായ മൂന്ന് വർഷക്കാലയളവിനുള്ളിൽ 2 വർഷം പ്രൊബേഷനിൽ ആയിരിക്കും. തസ്തികമാറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും വിടുതൽ പ്രവേശനം കാര്യാലയ മേധാവികൾ യഥാസമയം ഈ കാര്യലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ജീവനക്കാർക്ക് അർഹമായ പ്രവേശന കാലത്തിനും യാത്രാബത്തക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

പ്രിയങ്ക ജി. ഐ.എ.എസ്

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്: 1) ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ആലപ്പുഴ എറണാകുളം /തൃശ്ശൂർ

2) ശിശു വികസന പദ്ധതി ഓഫീസർ, മൂവാറ്റുപുഴ അഡീഷണൽ/ചാവക്കാട് അഡീഷണൽ

3) സ്റ്റോക്ക് ഫയൽ

Signed by Priyanka G
Date: 28-09-2023 14:43:24